(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(ജി) ഈ തുക വകമാറി ചെലവഴിച്ചു എന്ന പരാതി ശരിയാണോ :

(എച്ച്) അല്ലെങ്കിൽ എന്തുകൊണ്ട് ഈ തുക ഉദ്ദേശലക്ഷ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ കാലതാമസം നേരിടുന്നു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപയും സർക്കാർ വിഹിതമായി 60 കോടി രൂപയും ചേർത്ത് 240 കോടിയാണ് കണക്കാക്കിയിരുന്നത്. ബോണ്ടുക്കളുടെ വിൽപ്പന വഴി 180 കോടി രൂപ സമാഹരിച്ചും, സർക്കാർ വിഹിതമായി 45 കോടി രൂപ നൽകിയും വ്യവസായ പുനരുദ്ധാരണ നിധി ബോർഡ് പ്രവർത്തനമാരംഭിച്ചു.

(സി) ബോണ്ടുകളുടെ വിൽപ്പന വഴി സമാഹരിച്ച 180 കോടി രൂപയ്ക്ക് 13.5 ശതമാനമാണ് വാർഷിക പലിശ.

(ഡി-എഫ്) ധനസഹായം നൽകിയതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കമ്പനികളിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കാണ് വായ്പ അനുവദിക്കുന്നത്. കമ്പനികളിൽ നിന്നും തിരിച്ചടവിനത്തിൽ ലഭിക്കുന്ന തുകയുംകൂടി കമ്പനികൾക്ക് വായ്പയായി വീണ്ടും അനുവദിക്കുന്നുണ്ട്. 14-2-2001 ലെ കണക്കുപ്രകാരം 268.86 കോടി രൂപ കമ്പനികൾക്ക് വ്യവസായ പുനരുദ്ധാരണനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ജി & എച്ച്) വിദഗ്ദ്ധൻമാർ ഉൾപ്പെടുന്ന വ്യവസായ പുനരുദ്ധാരണ നിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് കൂടി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയാണ് കമ്പനികൾക്ക് വായ്പ അനുവദിക്കുന്നത്. കൂടാതെ വ്യവസായ പുനരുദ്ധാരണ നിധി സ്കീം അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷമേ കമ്പനികൾക്കു വായ്പ നൽകുകയുള്ളു. കമ്പനികൾക്കു നൽകുന്ന വായ്പ റിയാബിന്റെയും കമ്പനിയുടെയും പേരിലുള്ള ജോയിന്റു അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ധനവിനിയോഗം പരിശോധിക്കുന്നതിനായി കമ്പനികളിൽ പെർഫോമൻസ് ആഡിറ്റ് നടത്താൻ റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വരൂപിച്ച തുക വകമാറി ചെലവഴിച്ചിട്ടില്ല.

വ്യവസായ പുനരുദ്ധാരണ ഫണ്ട്

3 (565) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ പുനരുദ്ധാരണ ഫണ്ടിലേയ്ക്ക് ഇതിനോടകം എത്ര രൂപ സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഫണ്ടിൽ നിന്നും ഏതെല്ലാം വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സഹായം നൽകിയിട്ടുണ്ടെന്നും എത്ര രൂപ വീതം നൽകിയെന്നും വെളിപ്പെടുത്തുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹായത്തിനായി ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ചിങ്ങവനത്തെ ഇലക്ട്രോ കെമിക്കൽസ്, കണ്ണൂരിലെ തിരുപേഷിനി മിൽ തുടങ്ങിയ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബോണ്ടുകളുടെ വിൽപന വഴി 180 കോടിയും സർക്കാർ വിഹിതമായി 45 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരള സോപ്സ് ആന്റ് ഓയിൽസ്, കെൽട്രോൺ ക്രിസ്റ്റൽസ്, കെൽട്രോൺ കൗൺടേഴ്സ് (രണ്ടാമത്തെ അപേക്ഷ), കെൽട്രോൺ കംബോണന്റ് കോപ്ലക്സ് (രണ്ടാമത്തെ അപേക്ഷ), കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ്, മെട്രോപൊളിറ്റൺ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (രണ്ടാമത്തെ അപേക്ഷ) എന്നിവയുടെ കാര്യം പരിഗണനയിലുണ്ട്.

(ഡി) ചിങ്ങവനത്തെ ഇലക്ട്രോ കെമിക്കൽസ്, കണ്ണൂരിലെ തിരുപേഷിനി മിൽ, എന്നീ സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങളല്ല. വ്യവസായ പുനരുദ്ധാരണ നിധിയിൽനിന്നും ഈ സ്ഥാപനങ്ങൾക്ക് സഹായം നല്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

വിദേശ മൂലധന നിക്ഷേപം

4 (566) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ വ്യവസായ സംരംഭകരുടെയും രാഷ്ട്രാന്തര കമ്പനികളുടേയും മൂലധന നിക്ഷേപം സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ടെക്നോപാർക്കുകൾ സ്ഥാപിച്ചതുകൊണ്ട് വിദേശ- അന്യ സംസ്ഥാന വ്യാവസായിക സംരംഭകരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly